9-ാം വർഷം

2026


ഏപ്രിൽ 5, ഞായർ

ദുഃഖവെള്ളി

Laity Reflect on

Syro-Malabar Sunday Mass

SCRIPTURE READINGS



വിജയവെള്ളിയുടെ വഴികളിലൂടെ...

ആ മലയിൽ നിറയെ ഒലിവു പൂത്തു. പിന്നെ കായ്ച്ചു. പഴങ്ങളായി. ഒലിവു മലയാണത്. ആ പഴങ്ങൾ അത്രയും പിഴുതെടുത്ത് പിഴിഞ്ഞ് എണ്ണയാക്കി. എണ്ണ പിഴിയുന്ന ഇടം എന്നർഥം വരുന്ന ഗത്സമേനി തോട്ടം ആ താഴ് വാരത്തു തന്നെയാണ്. പിഴിഞ്ഞു കിട്ടുന്ന സത്താണ് തനതു മഹിമ കാണിക്കുന്നത്. തീവ്ര വേദന ഒരുവനെ പിഴിഞ്ഞപ്പോൾ വിയർപ്പ് രക്തത്തുള്ളികളായി നിലത്തു വീണു. മനുഷ്യാവതാരത്തിന്റെ അന്ത്യഘട്ടത്തിലെ ആദ്യ വിയർപ്പും രക്തവും അലിഞ്ഞു ചേർന്നത് ഗത്സമേനിയുടെ മണ്ണിലാണ്.

ഒരു കല്ലേറു ദൂരം പിന്നിലായിരുന്ന ശിഷ്യരാകട്ടെ ഉറങ്ങുകയായിരുന്നു. ഉറങ്ങരുതേ എന്നവൻ ആവർത്തിച്ചിട്ടും നിദ്രാഭാരത്താൽ അവർ ഉറങ്ങിപ്പോയി.

ചിന്താഭാരമുള്ളവർക്ക് ഉറക്കം പ്രയാസകരമാണ്. നിഗൂഢമായ ചിന്തകളുടെ ഭാരത്താൽ ഉറക്കം നഷ്ടപ്പെട്ട ഒരാൾ എത്ര വേഗതയിലാണ് എതിർദിശയിൽ നിന്നും വരുന്നത്! ഒരു ജനക്കൂട്ടത്തിൻറെ മുമ്പിൽ നേതാവായിട്ടാണ് യൂദാസ് നടന്നടുക്കുന്നത്.

ഇരുട്ടു പരന്നുകൊണ്ടിരിക്കുമ്പോൾ പിടിക്കപ്പെടേണ്ടവനെ ചൂണ്ടിക്കാണിക്കാനാവില്ലല്ലോ? അങ്ങനെ ചുംബനം ഒറ്റുകാരന്റെ ടൂൾ ആയി മാറുന്നത് അവിടെയാണ്. ഒരു സിമ്പൽ, സിഗ്നൽ ആയി മാറിയ രാത്രി! പാപത്തിന്റെ വിഹിതമായ വെള്ളിക്കാശുകളുടെ വിനിമയം ഇരുട്ടിനെ ഇരട്ടിക്കുമെന്ന് വെളിച്ചത്തായ രാത്രി! അന്ധകാരത്തിന്റെ ആധിപത്യം (ലൂക്കാ 22:53) രാത്രി നീണ്ട് പകലിലേക്കും പടർന്ന ദിനം!

പിന്നെയങ്ങോട്ട് പ്രത്യോറിയങ്ങളിലെ പരിഹാസ വിചാരണകൾ. പ്രധാനികളുടെ ആരോപണങ്ങളിൽ മൗനം പാലിച്ചവൻ. ഒന്നിനും ഉത്തരം പറയാത്തവൻ. (ലൂക്കാ 23:9) യാതൊരു പ്രതികരണവും പ്രതിഷേധവും ഇല്ലാതെ പൂർണ്ണ നിസ്സഹായതയിൽ നിൽക്കുന്നവനെ ആർക്കും എന്തും ചെയ്യാം എന്ന് ശരീര ഭാഷയിലൂടെ അവൻ സംവദിച്ചു കൊണ്ടിരുന്നു. കാവൽക്കാർ കണ്ണുകൾ മൂടിക്കെട്ടി അവനെ അടിച്ചു. ആരാണ് അടിക്കുന്നതെന്ന് പറയൂ എന്നതാണ് ടാസ്ക്. (ലൂക്കാ 22 : 63) കണ്ണുകൾ മൂടപ്പെട്ട് മർദ്ദനമേൽക്കുന്ന അവനെ കണ്ട് ബെർതിമേയൂസേ, നിന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയോ?

ജനക്കൂട്ടത്തിന്റെ ആരവത്തിൽ മൗനം പാലിച്ച പീലാത്തോസിന് ഉച്ചത്തിലുള്ള ആ ശബ്ദത്തോട് ഭയം ഉണ്ടായിരുന്നു. എന്നിരുന്നാലും ജനക്കൂട്ടത്തിനു മുമ്പാകെ വെള്ളത്തിൽ കൈ കഴുകിയതോടെ,ആ കൈയ്ക്ക് ശരിയുടെ പക്ഷത്തേക്ക് ചായ്വ് ഉണ്ടായോ? കുരിശിന്റെ ശീർഷകം കൂടുതൽ പരിഹാസധ്വനിയിലേക്ക് മാറ്റിയെഴുതാനുള്ള നിർബ്ബന്ധങ്ങളെ 'ഞാനെഴുതിയത് എഴുതി ' എന്ന് ഉറപ്പിച്ചത് പീലാത്തോസിന്റെ ബോധ്യങ്ങളുടെ പ്രതിഫലനം തന്നെ.

ജനക്കൂട്ടത്തിന്റെ നിർബ്ബന്ധം വിജയമായപ്പോൾ (ലൂക്കാ 23:23) ഇന്നലെവരെ കലാപകാരിയും കൊലപാതകിയുമായിരുന്ന ബറാബാസ് ഇന്നിതാ മോചിതനാകുന്നു. 'പിതാവിന്റെ മകൻ' എന്നാണ് ബറാബാസ് എന്ന നാമത്തിന്റെ അർഥമെങ്കിലും, സാക്ഷാൽ പിതാവിന്റെ പുത്രനാലാണ് അയാൾ മോചിതനായത്. സർവ്വപാപികൾക്കും മോചനം നൽകാനായി പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രൻ ദൗത്യപൂർത്തികരണത്തിനായി ഇതാ ഗൊൽഗൊഥായിലേക്ക് നീങ്ങുന്നു.

എന്തെല്ലാം ഉപഹാരങ്ങൾ ഏറ്റുവാങ്ങിയാണീ യാത്ര? മുൾക്കിരീടം, ചെമന്ന കുപ്പായം, ഞാങ്ങണ ...
പിന്നാലെ കുരിശ്, മീറ കലർത്തിയ വീഞ്ഞ്, ആണികൾ, വിനാഗിരി ....
പാപപരിഹാരങ്ങൾ ഏറ്റെടുക്കാൻ വന്നവൻ കേട്ടതെല്ലാം പരിഹാസങ്ങൾ.
അണിഞ്ഞതെല്ലാം അവഹേളനങ്ങൾ.
രുചിച്ചതെല്ലാം നിന്ദനം.

അപമാനിതനായി,
അവഗണിക്കപ്പെട്ടവനായി നിരങ്ങി നീങ്ങുന്നവൻ എത്രയോ വലിയ പരിഗണനയാണ് മറ്റുള്ളവർക്കായി നൽകുന്നത്! ജറൂസലേം പുത്രിമാരെ ആശ്വസിപ്പിക്കുന്നു. കുരിശിലേറ്റിയ കവർച്ചക്കാരിലൊരാൾ അന്ത്യനിമിഷങ്ങളിൽ പശ്ചാത്താപത്തോടെ അവനെ വിളിച്ചപ്പോൾ പറുദീസാ വാഗ്ദാനം നൽകുന്നു. കുരിശിൻ ചുവട്ടിൽ തളർന്നു നിൽക്കുന്ന അമ്മയ്ക്കായി ഒരു മകനെ ചേർത്ത് നൽകുന്നു. രക്തമത്രയും വാർന്ന് ശ്വാസം നിലച്ചു പോകുമ്പോഴും അപരന്റെ മുറിവുകളിൽ ഔഷധം പകരാൻ - മറ്റാരുണ്ട്, ഈ ആശ്വാസദായകനല്ലാതെ....

അവന്റെ പ്രവൃത്തികൾ നേരിട്ടു കണ്ട് വിശ്വസിക്കാൻ വിസമ്മതിച്ചവർ എത്ര പെട്ടെന്നാണ് പ്രകൃതിയുടെ പ്രതിഭാസങ്ങൾ കണ്ട് വിശ്വാസ പ്രഖ്യാപനം നടത്തുന്നത്. പട്ടാപ്പകൽ പടർന്ന അന്ധകാരം, ഭൂമി കുലുക്കങ്ങൾ, പിളർപ്പുകൾ, വിള്ളലുകൾ... ഭയത്താൽ അവർ ആവർത്തിക്കുന്നു, "സത്യമായും അവൻ ദൈവപുത്രനായിരുന്നു."

അധികാരകേന്ദ്രങ്ങളിൽ ആകുലതകൾ ഒഴിയാറില്ലല്ലോ. "അവസാനത്തെ വഞ്ചന ആദ്യത്തേതിനേക്കാൾ ഗുരുതരമായി



ഡോ. റോസമ്മ ഫിലിപ്പ്

മാറും' (മത്തായി 27:64) എന്ന ആശങ്കയാൽ എന്തെല്ലാം മുൻകരുതലുകളാണ് ചെയ്യുന്നത്. കല്ലറയുടെ കല്ല് മുദ്ര വയ്ക്കുന്നു. കാവൽക്കാരെ ഏർപ്പാടാക്കുന്നു. പക്ഷേ 'ലാസ്റ്റ് എറർ' അല്ല 'ലാസ്റ്റിംഗ് ട്രൂത്ത്' ആണെന്നറിയാൻ മൂന്നാം നാൾ വരെയുള്ള കാത്തിരിപ്പു മാത്രം മതിയല്ലോ.

ഗത്സമേനിയിൽ നിന്നും അര മൈൽ മാത്രം അകലെയുള്ള ഗൊൽഗൊഥായിലേക്ക് നീ സഞ്ചരിച്ച ദൂരം എത്രയാണ്! നീ വഹിച്ച ഭാരം എത്രയാണ്!

ദൂരവും ഭാരവും കുറയ്ക്കാനുള്ള എന്റെ തിടുക്കയാത്രയിൽ ഒരു ശിമയോൻ ബ്രാൻഡ് ചുമലും, വെറോനിക്കാ ബ്രാൻഡ് തൂവാലയും കരുതാൻ എനിക്ക് പ്രാപ്തി തരണേ..

ഇന്നത്തെ വിജയവെള്ളിയുടെ വെളിച്ചത്തിന് മങ്ങലുണ്ടാക്കുന്ന ചില ആശങ്കകൾ നമ്മെ അലട്ടുന്നുണ്ട്. നടുമുറ്റത്ത് തീ കൂട്ടി അതിനു ചുറ്റും ഇരിക്കുന്നവരല്ല, കടലിലും ആകാശവീഥിയിലും തീ തെളിച്ച് ചുറ്റുന്നവർ പകയോടെ നോക്കുന്നുണ്ട്.

ഇവനും ഗലീലിയാക്കാരനല്ലേ എന്ന് പത്രോസിനോട് ചോദിച്ച ചോദ്യം ഭാവവും ഭാഷയും മാറി ഭീഷണിയായി ഉയരുന്നുണ്ട്. ഇന്നലെവരെ ശത്രുക്കളായിരുന്ന പീലാത്തോസും ഹെറോദോസും യേശുവിനെ വധിക്കുന്ന ചർച്ചയിലൂടെ എത്ര വേഗമാണ് ആത്മമിത്രങ്ങളായത്! ആയിരക്കണക്കിന് ജീവൻ അപകടത്തിലാക്കി പുത്തൻ മൈത്രികൾ രൂപപ്പെടുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു.

സീസറിന്റെ വിരോധി-സീസറിന്റെ സ്നേഹിതൻ (യോഹ 19:12) എന്നിങ്ങനെ സമാന ലേബലുകളാൽ വീറും വിദ്വേഷവുമായി അധികാരികൾ പോരടിക്കുന്നത് നമ്മുടെ മുമ്പിൽത്തന്നെ. അതെ, കാരാഗൃഹത്തിലല്ല - കസേരകളിലാണ് ബറാബാസുമാർ... എങ്കിലും, "പർവ്വതങ്ങളോട് ഞങ്ങളുടെമേൽ വീഴുക എന്നും, കുന്നുകളോട് ഞങ്ങളെ മൂടിക്കളയുക' എന്നും (ലൂക്കാ 23:30) പറയാൻ ഞങ്ങൾ തയ്യാറാകില്ല. മരക്കുരിശല്ല-മരണവുമല്ല, ഇതാ ഒരു പച്ചത്തടി(ലൂക്കാ 23:31) ഞങ്ങൾ കാണുന്നു.

വിദ്വേഷത്തിന്റെ ചൂടിൽ ഉണങ്ങാതെ-വേദനയുടെ കാറ്റിൽ ഉലയാതെ -പരിഹാസഉഷ്ണത്തിൽ വാടാതെ ഈ വരണ്ട ലോകത്ത് പച്ചയായിരിക്കാൻ ഞങ്ങളെ പോഷിപ്പിക്കണമേ.. ഇതാ നിന്റെ കാൽപാദങ്ങളിൽ ഞങ്ങളുടെ സ്നേഹചുംബനം. . നിണമൊഴുകുന്ന മുറിവുകളല്ലാ; സ്പന്ദിക്കുന്ന ഹൃദയമാണ് സ്പർശനത്തിൽ അനുഭവിക്കുന്നത്!

പാദങ്ങളിൽ പോലും ഹൃദയമുള്ളവനേ .... ഗുരോ സ്വസ്തി!

(മുൻ കോളേജ് പ്രിൻസിപ്പലായ ലേഖിക വിദ്യാഭ്യാസ-പരിശീലന രംഗങ്ങളിൽ പ്രവർത്തിക്കുന്നു)



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com